# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3510** **11.12.2018 ൽ മറുപടിയ്ക്ക്**

**വാഴ കർഷകർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) തിരുവനന്തപുരം ജില്ലയിലെ വാഴ കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന മുഴുവൻ കുലകളും വിൽക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) ഇല്ല. |
| ബി) പല കർഷക സംഘങ്ങളും ഈ വർഷം കുലകൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | ബി) നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. |
| സി) കർഷകർ ഉത്പാദിപ്പിക്കുന്ന മുഴുവൻ ഉത്പന്നങ്ങളും വാങ്ങുന്നതിന് കാട്ടാക്കട താലൂക്കിൽ എന്തെല്ലാം സംവിധാനം ആണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | സി) കാട്ടാക്കട താലൂക്കിൽ കാട്ടാക്കട, മാറനല്ലൂർ എന്നിവിടങ്ങളിൽ വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ പ്രവർത്തിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ വിപണികളിലെത്തിച്ച് കച്ചവടക്കാർക്ക് വിപണനം ചെയ്യുന്നതിന് നിലവിൽ സൗകര്യമുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് ഇത് സഹായകമാണ്. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും അതു വഴി കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിത നിലവാരവും ഉറപ്പാക്കുവാനും ഇതു വഴി കഴിയുന്നു. ഈ രണ്ടു സമിതികളിലൂടെ കാട്ടാക്കട ബ്ലോക്കിലെ കർഷകർക്ക് ആഴ്ചയിൽ ഏഴ് ദിവസവും വിപണന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**